"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അങ്കണവാടി കുട്ടികളുടെ കായിക കലാമത്സരങ്ങൾ നടത്തുന്നതിന് ഓരോ വർഷവും ചെലവഴിക്കാവുന്ന തുകയുടെ പരിധി ഉയർത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.496/2025/LSGD തീയതി,തിരുവനന്തപുരം, 18-02-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. മങ്കട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.09.2024-ലെ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025-നു നടന്ന യോഗത്തിന്റെ തീരുമാനം 3.2

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശിത മാർഗരേഖ ഖണ്ഡിക 7.5.1 പ്രകാരം സംസ്ഥാനത്തെ ഗ്രാമ/നഗരഭരണ സ്ഥാപനങ്ങളിലെ അങ്കണവാടി കുട്ടികളുടെ കായിക കലാ മത്സരങ്ങൾ ഓരോ വർഷവും നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. റിഫ്രഷ്മെന്റ്, ഭക്ഷണം, സമ്മാനങ്ങൾ, പ്രോത്സാഹന സമ്മാനങ്ങൾ മറ്റ് ചെലവുകൾ ഉൾപ്പടെ 15,000 രൂപ (പതിനയ്യായിരം രൂപ മാത്രം) വരെ പരമാവധി ചെലവഴിക്കുന്നതിനാണ് നിലവിൽ അനുമതി നൽകിയിട്ടുള്ളത്. അങ്കണവാടി കുട്ടികളുടെ കായിക കലാമത്സരങ്ങൾ നടത്തുന്നതിന് ഓരോ വർഷവും ചെലവഴിക്കാവുന്ന തുകയുടെ പരിധി പരമാവധി 30,000/- രൂപയായി ( മുപ്പതിനായിരം രൂപ മാത്രം) വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്

8. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
9. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
11. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
13. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
14. ഡയറക്ടർ ജനറൽ, കില
15. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
17. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
18. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Viraj K

Date: 18-02-2025 17:05:28

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്